കൊല്ലം	-	65416
പത്തനംതിട്ട	-	56044
ആലപ്പുഴ	-	79189
കോട്ടയം	-	84650
ഇടുക്കി	-	6514
എറണാകുളം	-	145122
തൃശ്ശൂർ	-	68803
പാലക്കാട്	-	44646
മലപ്പുറം	-	36572
കോഴിക്കോട്	-	60580
വയനാട്	-	4252
കണ്ണൂർ	-	39810
കാസർഗോഡ്	-	31453

പൗൾട്രി നഴ്സറി ഉടമകൾ നേരിടുന്ന ബുദ്ധിമുട്ടുകൾ

111 (822)ശ്രീ. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിന്റെ മേൽനോട്ടത്തിൽ നടത്തിക്കൊണ്ടിരിക്കുന്ന പൗൾട്രി നഴ്സറി ഉടമകൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജനകീയാസൂത്രണത്തിന്റെ ഭാഗമായി ത്രിതല പഞ്ചായത്തുകൾ നടത്തുന്ന മുട്ട കോഴികുഞ്ഞുങ്ങളുടെ വിതരണത്തിൽ മേൽപ്പറഞ്ഞ നേഴ്സറികളിൽനിന്നും വാങ്ങിക്കുന്നതിനുള്ള നിർദ്ദേശം കൊടുക്കുന്നതിന് തയ്യാറാകുമോ;

(സി) മേൽപ്പറഞ്ഞ ഫാമുകളിൽ നിന്ന് കഴിഞ്ഞ 1 $^{1}/_{2}$ വർഷങ്ങളായി മൃഗസംരക്ഷണവകുപ്പ് മുഖാന്തിരം മുട്ടക്കോഴിക്കുഞ്ഞുങ്ങളുടെ വിൽപ്പന നടത്തുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജനകീയാസൂത്രണത്തിന്റെ ഭാഗമായി ത്രിതല പഞ്ചായത്തുകൾ നടത്തുന്ന മുട്ടക്കോഴി കുഞ്ഞുങ്ങളുടെ വിതരണത്തിന് ആവശ്യമായ കോഴി കുഞ്ഞുങ്ങളെ എഗ്ഗർ നഴ്സറികളിൽ നിന്നോ സർക്കാർ ഫാമുകളിൽ നിന്നോ മാത്രം വാങ്ങുന്നതിനുള്ള നിർദ്ദേശമാണ് ഇപ്പോൾ നിലവിലുള്ളത്.

(സി) ഉണ്ട്. സർക്കാർ നിർദ്ദേശം അവഗണിച്ചുകൊണ്ട് ചില തദ്ദേശ ഭരണ സ്ഥാപനങ്ങൾ സ്വകാര്യ ഇടപാടുകാരിൽനിന്ന് കോഴിക്കുഞ്ഞുങ്ങളെ വാങ്ങുന്നതിനാലാണ് ഇങ്ങനെ സംഭവിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly